# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 മാർച്ച് 20, വ്യാഴം

**നമ്പർ 177**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50) :

കേരളത്തിലെ അംഗൻവാടി ജീവനക്കാർക്ക് പ്രതിമാസ മിനിമ വേതനം 21,000 രൂപയാക്കണമെന്നതടക്കമുള്ള ആവശ്യങ്ങൾ പരിഗണിക്കുന്നില്ലെന്ന് പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് ശ്രീ. നജീബ് കാന്തപുരവും മറ്റ് അഞ്ച് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധക്ഷണിക്കൽ :

1) ആലപ്പുഴ-ചങ്ങനാശ്ശേരി കനാലും അനുബന്ധ കനാലുകളും പുനരുദ്ധരിച്ച് നീരൊഴുക്ക് ഉറപ്പാക്കേണ്ടതിന്റെയും വേമ്പനാട്ട് കായൽ ഉൾപ്പെടെ ആഴം കൂട്ടി ജല നിർഗ്ഗമനം ഉറപ്പാക്കേണ്ടതിന്റെയും ശുദ്ധീകരിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. തോമസ് കെ. തോമസ് ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ജലവിഭവ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP.593/2025.

2) കൊച്ചി കോർപ്പറേഷനിലും പരിസര മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ ആലുവയിലെ കേരള വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് 190 MLD ശുദ്ധീകരണ ശേഷിയുള്ള ഒരു പുതിയ ജലശുദ്ധീകരണശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ടി. ജെ. വിനോദ് ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ജലവിഭവ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. വി. ഡി. സതീശൻ | പാവറട്ടി പെരിങ്ങാട് പുഴ സംരക്ഷിത വന മേഖലയാക്കിയ വിജ്ഞാപനം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 2. | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | പൊതുമരാമത്ത് റോഡുകളോട് ചേർന്നുള്ള കൈവശഭൂമികൾക്ക് പട്ടയം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3. | ശ്രീ. എ. കെ. എം. അഷ്റഫ് | മഞ്ചേശ്വരം താലൂക്കിലെ റവന്യൂ ഉദ്യോഗസ്ഥരുടെ കുറവ് | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4. | ശ്രീ. പി. സി. വിഷ്ണുനാഥ് | കുണ്ടറ മണ്ഡലത്തിലെ കുടിവെള്ള ലഭ്യത | ജലവിഭവ വകുപ്പുമന്ത്രി |
| 5. | ശ്രീ. എ. സി. മൊയ്തീൻ | കലശമല ഇക്കോ ടൂറിസം ഭൂമി ഏറ്റെടുക്കൽ | പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 6. | ശ്രീ. ജി. എസ്. ജയലാൽ | പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം | പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 7. | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂർ മണ്ഡലത്തിലെ പറക്കുന്നം പാലവും അപ്രോച്ച് റോഡ് നിർമ്മാണവും | പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 8. | ശ്രീ. ആന്റണി ജോൺ | തങ്കളം-കാക്കനാട് നാലുവരിപാത | പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 9. | ശ്രീ. എൻ. ഷംസുദ്ദീൻ | മണ്ണാർക്കാട്ട് നിന്നും മുള്ളി വഴി തമിഴ്നാട്ടിലേക്കുള്ള പാത തുറക്കുന്നതിന് നടപടി | വനം-വന്യജീവി വകുപ്പുമന്ത്രി |
| 10. | ശ്രീ. മുരളി പെരുനെല്ലി | മണലൂർ മണ്ഡലത്തിലെ പാരീസ് റോഡ് പുനർനിർമ്മാണം | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 11. | ശ്രീ. എം. എസ്. അരുൺ കുമാർ | പൊതു ഇടങ്ങളിലെ തെരുവുനായ ശല്യം തടയുന്നതിന് നടപടി | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം :</u>

i) സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ, 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

ii) സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ 2025-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

iii) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിനാല് മുതൽ അറുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

iv) പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

v) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

vi) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാറും പതിനേഴും റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

ധനകാര്യം:

2025-2026 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും :

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരേ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ജലവിഭവ വകുപ്പുമന്ത്രിയും പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റുപിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരേ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരേ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരേ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രിയും അവതരിപ്പിച്ചു. ഉപക്ഷേപങ്ങൾ പിന്താങ്ങപ്പെട്ടു. പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്ത് വച്ചു.

XX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 6, 7, 12, 13, 14, 15, 16, 17, 18, 19, 20, 21, 24, 26, 30, 31, 33, 35, 36, 37, 39, 40, 41, 42, 45, 47, 48, 49, 51, 52 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXV-ാം നമ്പർ

ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 6, 7, 10, 13, 14, 15, 16, 17, 18, 19, 20, 21, 22, 25, 27, 29, 32, 33, 34, 35, 36, 40, 41, 44, 45, 46, 47, 49, 50, 51, 52 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 5, 6, 9, 10, 11, 12, 13, 14, 15, 16, 18, 19, 22, 23, 24, 26, 27, 28, 29, 30, 31, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 44, 46, 47, 49 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXI-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 6, 10, 11, 12, 13, 14, 15, 16, 17, 18, 20, 34, 37, 38, 39, 40, 41, 42, 46, 48, 49, 50 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 6, 8, 9, 10, 11, 14, 15, 16, 17, 18, 19, 20, 21, 22, 24, 26, 27, 29, 32, 33, 34, 36, 37, 38, 39, 40, 43, 44, 45, 46, 47 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXVIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 6, 7, 9, 12, 13, 14, 15, 16, 17, 20, 21, 36, 40, 41, 42, 44, 46, 47, 49, 50, 51 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിക്കപ്പെട്ടു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു

ശ്രീ. റോജി എം. ജോൺ

ശ്രീ. വി. ശശി

ശ്രീ. പി. അബ്ദുൽഹമീദ്

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. പി. പി. സുമോദ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. പി. ഉബൈദുള്ള

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ശ്രീ. എം. രാജഗോപാലൻ

ശ്രീ. എ. പി. അനിൽ കുമാർ

(പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ മന്ത്രിമാരുടെ മറുപടി ബഹിഷ്കരിച്ചു.)

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി, ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രിക്കു വേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി, ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി, മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി എന്നിവർ മറുപടി നൽകി.

തുടർന്ന് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളുകയും, ധനാഭ്യർത്ഥനകൾ XX, XXV, XXX, XXXI, XXXII, XXXVIII എന്നിവയ്ക്ക് തുക അനുവദിക്കണമെന്ന ഉപക്ഷേപങ്ങൾ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

2025 മാർച്ച് 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.37-ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Thirteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Thursday, March 20, 2025*

**No. 177**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Adjournment Motion (Rule 50):*

Shri Najeeb Kanthapuram and five other Members had given notice of an adjournment motion regarding the situation reported to have arisen as the Government is not considering the demands of Anganwadi workers in Kerala, including a hike in their monthly minimum wages up to Rs. 21,000. On the ground of the reply of Minister for Law, Industries and Coir, Speaker denied leave to present the notice.

(As a mark of protest, the Members belonging to opposition staged walkout. )

*Calling Attention :*

1. Shri Thomas K. Thomas called the attention of the Minister for Water Resources to the necessity to renovate the Alappuzha-Changanassery canal and its associated canals to ensure their waterflow by deepening them, and to purify water courses including the Vembanad Lake. The Minister for Water Resources made a statement in this regard.

2. Shri T. J. Vinod called the attention of the Minister for Water Resources to the necessity to establish a new water treatment plant with a treatment capacity of 190 MLD at the Kerala Water Authority site in Aluva to make it beneficial to the Kochi Corporation and surrounding Municipalities and Panchayats. The Minister for Water Resources made a statement in this regard.

*The matters Under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. വി. ഡി. സതീശൻ | പാവറട്ടി പെരിങ്ങാട് പുഴ സംരക്ഷിത വന മേഖലയാക്കിയ വിജ്ഞാപനം | വനം-വന്യജീവി വകുപ്പുമന്ത്രി |
| 2. | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | പൊതുമരാമത്ത് റോഡുകളോട് ചേർന്നുള്ള കൈവശഭൂമികൾക്ക് പട്ടയം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3. | ശ്രീ. എ. കെ. എം. അഷ്റഫ് | മഞ്ചേശ്വരം താലൂക്കിലെ റവന്യൂ ഉദ്യോഗസ്ഥരുടെ കുറവ് | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4. | ശ്രീ. പി. സി. വിഷ്ണുനാഥ് | കുണ്ടറ മണ്ഡലത്തിലെ കുടിവെള്ള ലഭ്യത | ജലവിഭവ വകുപ്പുമന്ത്രി |
| 5. | ശ്രീ. എ. സി. മൊയ്തീൻ | കലശമല ഇക്കോ ടൂറിസം ഭൂമി ഏറ്റെടുക്കൽ | പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 6. | ശ്രീ. ജി. എസ്. ജയലാൽ | പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം | പൊതുമരാമത്ത് -വിനോദസഞ്ചാര വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 7. | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂർ മണ്ഡലത്തിലെ പറക്കുന്നം പാലവും അപ്രോച്ച് റോഡ് നിർമ്മാണവും | പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 8. | ശ്രീ. ആന്റണി ജോൺ | തങ്കളം-കാക്കനാട് നാലുവരിപാത | പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 9. | ശ്രീ. എൻ. ഷംസുദ്ദീൻ | മണ്ണാർക്കാട്ട് നിന്നും മുള്ളി വഴി തമിഴ്നാട്ടിലേക്കുള്ള പാത തുറക്കുന്നതിന് നടപടി | വനം-വന്യജീവി വകുപ്പുമന്ത്രി |
| 10. | ശ്രീ. മുരളി പെരുനെല്ലി | മണലൂർ മണ്ഡലത്തിലെ പാരീസ് റോഡ് പുനർനിർമ്മാണം | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |
| 11. | ശ്രീ. എം. എസ്. അരുൺ കുമാർ | പൊതു ഇടങ്ങളിലെ തെരുവുനായ ശല്യം തടയുന്നതിന് നടപടി | തദ്ദേശ സ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി |

The Ministers concerned made the statement regarding the respective issue.

*Presentation of Reports :*

i) Reports of the Subject Committee VI on The Kerala Sports (Amendment) Bill, 2024 and The University Laws (Amendment) (No.2) Bill, 2025 were presented.

ii) Report of the Subject Committee VIII on The Kerala Finance Bill, 2025 was presented.

iii) Sixty Fourth to Sixty Sixth Reports of the Committee on Local Fund Accounts were presented.

iv) Fifth and Sixth Reports of the Committee on the Welfare of Scheduled Castes and Scheduled Tribes were presented.

v) Fifteenth and Sixteenth Reports of the Committee on the Welfare of Non-Resident Keralites (Pravasi Malayalees) were presented.

vi) Sixteenth and Seventeenth Reports of the Committee on Private Members Bills and Resolutions were presented.

*Financial Business :*

Discussion and Voting on Demands for Grants in the Budget for the Financial Year 2025-2026 :

Minister for Water Resources moved Demand No. XX- Water Supply and Sanitation and Demand No. XXXVIII- Irrigation, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes moved Demand No. XXV- Welfare of Scheduled Castes / Scheduled Tribes / Other Backward Classes and Minorities, Minister for Food and Civil Supplies moved Demand No. XXX- Food, and Minister for Animal Husbandry and Dairy Development moved Demand No. XXXI- Animal Husbandry and Demand No. XXXII- Dairy Development, for the amounts shown respectively against them under Column No. 5 in the list of Demands for Grants for the Financial Year 2025-2026. The motions were seconded.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236(3) relating to these Demands.

The cut motion Nos. 2, 3, 4, 6, 7, 12, 13, 14, 15, 16, 17, 18, 19, 20, 21, 24, 26, 30, 31, 33, 35, 36, 37, 39, 40, 41, 42, 45, 47, 48, 49, 51, 52 in the list of cut motions for Demand No. XX, cut motion Nos. 2, 3, 4, 6, 7, 10, 13, 14, 15, 16, 17, 18, 19, 20, 21, 22, 25, 27, 29, 32, 33, 34, 35, 36, 40, 41, 44, 45, 46, 47, 49, 50, 51, 52 in the list of cut motions for Demand No. XXV, cut motion Nos. 1, 2, 3, 4, 5, 6, 9, 10, 11, 12, 13, 14, 15, 16, 18, 19, 22, 23, 24, 26, 27, 28, 29, 30, 31, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 44, 46, 47, 49 in the list of cut motions for Demand No. XXX, cut motion Nos. 2, 3, 4, 6, 10, 11, 12, 13, 14, 15, 16, 17, 18, 20, 34, 37, 38, 39, 40, 41, 42, 46, 48, 49, 50 in the list of cut motions for Demand No. XXXI,

cut motion Nos. 2, 3, 4, 6, 8, 9, 10, 11, 14, 15, 16, 17, 18, 19, 20, 21, 22, 24, 26, 27, 29, 32, 33, 34, 36, 37, 38, 39, 40, 43, 44, 45, 46, 47 in the list of cut motions for Demand No. XXXV, cut motion Nos. 1, 3, 4, 5, 7, 8, 12, 14, 15, 17, 18, 19, 21, 23, 24, 28, 29, 30, 31, 32, 33, 36, 37, 38, 39, 40, 42, 43, 46, 47, 48, 49 in the list of cut motions for Demand No. XXXII, and cut motion Nos. 2, 3, 4, 6, 7, 9, 12, 13, 14, 15, 16, 17, 20, 21, 36, 40, 41, 42, 44, 46, 47, 49, 50, 51 in the list of cut motions for Demand No. XXXVIII were moved.

The following Members took part in the discussion.

Shri C. H. Kunhambu

Shri Roji M. John

Shri V. Sasi

Shri P. Abdul Hameed

Shri Pramod Narayan

Shri Mons Joseph

Shri U. R. Pradeep

Smt Santhakumari K.

Shri Murali Perunelli

Shri I. C. Balakrishnan

Shri P. P. Sumod

Shri Kunhammed Kutti Master

Shri O. S. Ambika

Shri P. Ubaidulla

Shri Linto Joseph

Shri K. K. Ramachandran

Shri Kovoor Kunjumon

Shri K. D. Prasenan

Shri N. Samsudheen

Shri E. T. Taison Master

Shri M. Rajagopalan

Shri A. P. Anil Kumar

(The Members belonging to Opposition boycotted the reply of Ministers.)

Minister for Water Resources, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Minister for Law, Industries and Coir on behalf of Minister for Minority Welfare, Sports, Wakf and Hajj Pilgrimage, Minister for Food and Civil Supplies, and Minister for Animal Husbandry and Dairy Development replied to the points raised during the discussion. The cut motions were declared lost. Then, the Motion was passed and Grants on Demands No. XX, XXV, XXX, XXXI, XXXII, XXXVIII were alloted.

The House adjourned at 5.37 p.m. to meet again at 9.00 a.m on Friday, March 21, 2025.

DR. N. KRISHNA KUMAR,
*Secretary.*